# ദൈവം മോശെയ്ക്കു നൽകിയ മൂന്ന് അടയാളങ്ങൾ

സാക് പുന്നൻ

WFTW 08 മാർച്ച് 2015

പുറപ്പാട് നാലാം അദ്ധ്യായത്തിൽ ദൈവം മോശെയെ വിളിക്കുന്നതിനെപ്പറ്റി നാം വായിക്കുന്നു. മോശെയെ ഉത്സാഹിപ്പിക്കുന്നതിനും ചില പാഠങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ടി ദൈവം അദ്ദേഹത്തിന് മൂന്ന് അടയാളങ്ങൾ കൊടുത്തു. അവർ എന്നെ വിശ്വസിക്കുകയില്ല എന്ന് മോശെ കർത്താവിനോട് പറഞ്ഞപ്പോൾ കർത്താവ് അദ്ദേഹത്തോടു ചോദിച്ചു "നിന്റെ കയ്യിലുള്ളതെന്താണ്?'' അതു ശ്രദ്ധിക്കുക! കർത്താവ് എപ്പോഴും നമ്മുടെ കയ്യിൽ നേരത്തെ തന്നെ ഉള്ള കാര്യങ്ങൾ കൊണ്ടാണ് തുടങ്ങുന്നത്. നമുക്കില്ലാത്ത എന്തെങ്കിലും കാര്യം അന്വേഷിച്ച് നാം എങ്ങും പോകേണ്ടതില്ല. എലീശ ആ വിധവയോട് ചോദിച്ചു. "നിന്റെ വീട്ടിൽ എന്തുണ്ട് ?'' "ഒരു ഭരണി എണ്ണ മാത്രം.'' അവൾ മറുപടി പറഞ്ഞു. "അതു മതി, ആ പാത്രത്തിലെ എണ്ണ കൊണ്ട് നിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുവാൻ കഴിയും'' ഏലീശ പറഞ്ഞു ( 2 രാജ. 4:2,3). മോശെയ്ക്ക് തന്റെ കയ്യിൽ ഇടയന്റെ വടി മാത്രമേ ഉണ്ടായിരുന്നുള്ളു. അതു മതിയായിരുന്നു. ദൈവം നിങ്ങളുടെ കൂടെ ഉള്ളപ്പോൾ, ഇടയന്റെ വടി കൊണ്ടു പോലും അതിശയങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കും.

ഒന്നാമത്തെ അടയാളത്തിനു വേണ്ടി, ദൈവം മോശെയോട് ആ വടി നിലത്തിടുവാൻ കല്പിച്ചു. അത് ഒരു സർപ്പമായി മാറുകയും മോശെ അവിടെ നിന്ന് ഓടിപ്പോകുകയും ചെയ്തു (പുറ. 4:3). യഹോവ പറഞ്ഞു: "ഭയപ്പെടെണ്ട, നീ കൈനീട്ടി അതിനെ വാലിൽ പിടിച്ച് എടുക്കുക.'' അദ്ദേഹം അതിനെ പിടിക്കുകയും അതു തന്റെ കയ്യിൽ വീണ്ടും വടിയായി തീരുകയും ചെയ്തു. ഇവിടുത്തെ സന്ദേശം എന്താണ്? ഒന്നാമതായി, സാത്താൻ നാം വിചാരിക്കുന്നതിനെക്കാൾ നമ്മോട് വളരെ അടുത്താണ് വടി മോശെയോട് എത്ര അടുത്താണോ അത്രയും അടുത്ത്, സാത്താൻ നമ്മിൽ നിന്ന് വളരെ അകലെയാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? അങ്ങനെയല്ല. ഭാര്യാഭർത്താക്കന്മാർ, സഹപ്രവർത്തകർ മുതലായവർക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കാനായി അവൻ എപ്പോഴും അടുത്തു തന്നെയുണ്ട്. എന്നാൽ നമുക്കു സാത്താനെ ജയിക്കാൻ കഴിയും! നാം അവനെ ഭയപ്പെടേണ്ട കാര്യമില്ല. കാരണം അവൻ പരാജിതനായ ഒരു ശത്രുവാണ്. ദൈവം അവനെ നമ്മുടെ കാൽക്കീഴെ ചതച്ചു കളയും. കർത്താവിനെ സേവിക്കുമ്പോൾ നാം പഠിക്കേണ്ട ആദ്യപാഠങ്ങളിലൊന്ന് 'സാത്താനെ ഭയപ്പെടേണ്ട' എന്നാണ്. സാത്താന് അവന്റെ അന്തർനഗരങ്ങളും കോട്ടകളും ഉണ്ട്, എന്നാൽ നാം അവനിൽ നിന്ന് ഓടിപ്പോകണ്ട. നാം പ്രലോഭനങ്ങളിൽ നിന്ന് ആണ് ഓടിമാറേണ്ടത് (2 തിമൊ. 2:22). എന്നാൽ സാത്താൻ നമ്മെ വിട്ട് ഓടിപ്പോകണം (യാക്കോ. 4:7). സാത്താൻ നമ്മെ പേടിപ്പിക്കാനായി ഉപയോഗിക്കുന്ന അതേ കാര്യം, യേശുവിന്റെ ശക്തിയുള്ള നാമത്തിൽ നമ്മുടെ കയ്യിൽ അധികാരത്തിന്റെ ചെങ്കോലായി മാറും - ആഴിയെ പിളർന്ന് ദൈവജനത്തെ മുന്നോട്ടു നടത്താൻ.

ദൈവത്തിന്റെ ദാസൻ എന്ന നിലയിൽ നമുക്ക് അധികാരം ആവശ്യമുണ്ട് - ആദ്യം വേദപുസ്തക പരിജ്ഞാനമല്ല വേണ്ടത്, ദൈവിക അധികാരമാണ്. എന്നായാലും വേദപുസ്തക പരിജ്ഞാനത്തെക്കാളും ആത്മീയ അധികാരം ഉള്ളവനായിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. മോശെയ്ക്ക് ആവശ്യമായിരുന്ന ഒന്നാമത്തെ കാര്യം ശത്രുവിന്റെ മേലുള്ള അധികാരമായിരുന്നു. സാത്താനായിരുന്നു അവന്റെ ദാസനായ ഫറവോനിലൂടെ യിസ്രേയേൽ ജനത്തെ അടിമകളാക്കിയിരുന്നത്. അപ്പോൾ മോശെയ്ക്ക് ഒരു ഭയവും കൂടാതെ അവനെ വാലിൽ പിടിച്ചു പൊക്കി എടുക്കേണ്ടി വന്നു. സാത്താന് ഒരിക്കലും അവനെ ഭപ്പെടുന്നവരാക്കി നമ്മെ തീർക്കുവാൻ കഴിയരുത്.

രണ്ടാമത്തെ അടയാളത്തിനായി, യഹോവ മോശയോട് അവന്റെ കൈ മാറിടത്തിൽ വയ്ക്കുവാനായി ആവശ്യപ്പെട്ടു(പുറ. 4:6). മോശെ അങ്ങനെ ചെയ്തിട്ട് തന്റെ കൈ പുറത്തെടുത്തപ്പോൾ, അതു നിറയെ കുഷ്ഠമായിരുന്നു. കർത്താവിന്റെ ദാസൻ എന്ന നിലയിൽ നാം മനസ്സിലാക്കേണ്ട രണ്ടാമത്തെ കാര്യം, നമ്മുടെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ല എന്നാണ് (റോമ. 7:18). നമ്മുടെ ജഡത്തിൽ എല്ലായിടത്തും സ്വാർത്ഥതയും തിന്മയും കാണുന്നു! ഇതു സത്യമല്ല എന്നാണ് നിങ്ങൾ ചിന്തിക്കുന്നതെങ്കിൽ നിങ്ങളുടെ കൈ

നിങ്ങളുടെ ജഡത്തിൽ ഒന്ന് ഇട്ടു നോക്കുക! നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന കുഷ്ഠത്തിന്മേൽ നിങ്ങൾക്ക് വെളിച്ചം തരാനായി ദൈവത്തോട് ചോദിക്കുക. ഈ പ്രധാനപ്പെട്ട പാഠം നിങ്ങൾ പഠിക്കുന്നില്ലെങ്കിൽ മറ്റുള്ളവർ നിങ്ങളെക്കാൾ മോശമായ ഒരു ജഡമുണ്ട് എന്നപോലെ ആളുകളെ കുറ്റം വിധിച്ചു കൊണ്ട് നിങ്ങൾ ചുറ്റി നടക്കും. നമുക്ക് ചെയ്യാൻ കഴിയാത്ത ഒരു പാപം ചെയ്യാൻ മറ്റാർക്കും കഴിയില്ല! നാം അത്തരത്തിൽ ഒരു പാപം ചെയ്തിട്ടില്ലെങ്കിൽ അതു ദൈവത്തിന്റെ കരുണ മാത്രമാണ്. കാരണം നമുക്ക് അത്രയും തീവ്രതയുള്ള ഒരു പ്രലോഭനം ഒരിക്കലും നേരിട്ടിട്ടില്ല. നാം നമ്മുടെ സഹജീവികളെക്കാൾ ഒട്ടും നല്ലവരല്ല. നിങ്ങൾ ഈ ഭൂമിയുടെ മുഖത്തുള്ള ഏതു മനുഷ്യരെക്കാളും നല്ലവരാണെന്ന് നിങ്ങൾ ചിന്തിക്കുന്നെങ്കിൽ, ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു- കർത്താവിന്റെ ഒരു ദാസനാകുവാൻ നിങ്ങൾ തീർത്തും അയോഗ്യനാണ്.

മൂന്നാമത്തെ അടയാളത്തിനായി യഹോവ മോശെയോട്, നൈൽ നദിയിൽ നിന്ന് കുറച്ചു വെള്ളം കോരി നിലത്തൊഴിക്കണം അപ്പോൾ അതു രക്തമായി മാറും എന്നു പറഞ്ഞു (പുറ. 4:9). നൈൽ നദി ഈജിപ്തുകാരുടെ വിലയേറിയ ദൈവവും, രക്തം മരണത്തിന്റെ ചിത്രവുമായിരുന്നു. അതിനാൽ ഈ അടയാളത്തിന്റെ ആത്മീയ അർത്ഥം, ലൌകികന്മാരായ ആളുകൾ ആരാധിക്കുകയും, പുറകെ നടക്കുകയും ചെയ്യുന്നതായ ഈ ലോകത്തിന്റെ കാര്യങ്ങളെ നാം മരണത്തിനായി ഒഴുക്കി കളയണം എന്നാണ്. കർത്താവിന്റെ ഒരു ദാസൻ ഈ ലോകത്തിന് ക്രൂശിക്കപ്പെട്ടവനായിരിക്കണം. ഈ ലോകം തനിക്കും ക്രൂശിക്കപ്പെട്ടതായിരിക്കണം. ഈ ലോകം ഇനി ഒരിക്കലും എനിക്കു വെള്ളം (ജീവിതത്തിന് അത്യന്താപേക്ഷിതമായത്) പോലെ അല്ല. എന്നാൽ കുടിക്കാനായി നാം പ്രലോഭിപ്പിക്കപ്പെടുക പോലും ചെയ്യാത്ത രക്തം പോലെയാണ്. രക്തം കുടിക്കുന്നതിനേക്കാൾ നാം ദാഹിച്ചിരിക്കുന്നതാണ് നല്ലത്. ഇപ്രകാരമാണ് നാം ഈ ലോകത്തിലുള്ള എല്ലാ കാര്യങ്ങളെയും കാണേണ്ടത്.